പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1122 — 08/02/2013 ൽ മറുപടിയ്ക്ക്

## മേപ്പാടി ഗവൺമെന്റ് ഹൈസ്കൂളിന്റെ ശോച്യാവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ: | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ മേപ്പാടി ഗവൺമെന്റ് ഹൈസ്കൂളിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ 6 ക്ലാസ്സ് മുറികളുള്ള ഒരു കെട്ടിടത്തിന് ഈ വർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. കൂടാതെ സ്കൂളിൽ കുടിവെള്ളം, മൂത്രപ്പുര എന്നിവയുടെ കുറവും നിലനിൽക്കുന്നുണ്ട്. |
| ബി) പ്രസ്തുത സ്കൂളിൽ ഡിവിഷനുകൾക്ക് ആനുപാതികമായി ക്ലാസ്സ് മുറികൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) പ്രസ്തുത സ്കൂളിന്റെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ബന്ധപ്പെട്ട ജില്ലാ പഞ്ചായത്താണ് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത്. സ്കൂളിൽ ആവശ്യമായ കെട്ടിടം, മൂത്രപ്പുര തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ